പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം-44 10-12-2012 ൽ മറുപടിയ്ക്ക്.

## കേരള സർവ്വകലാശാല നിയമനങ്ങളിലെ സംവരണ തത്വം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. സി. മമ്മൂട്ടി | | ശ്രീ. ഉമ്മൻ ചാണ്ടി (ബഹു. മുഖ്യ മന്ത്രി) |
| എ | കേരള സർവ്വകലാശാല നിയമനങ്ങളിൽ സംവരണ തത്വം അട്ടിമറിക്കപ്പെട്ടത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് കൂടുതൽ വ്യക്തത നൽകാമോ ; | എ & ബി | ഇത് സംബന്ധിച്ച വിശദവിവരങ്ങൾ സർവ്വകലാശാലയിൽ നിന്ന് ശേഖരിച്ച് വരുന്നു. |
| ബി | വിവിധ തസ്തികകളിൽ സംവരണം പാലിക്കാതെ നിയമനം നടത്തി സംവരണ തത്വം അട്ടിമറിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | | |
| സി | സർവ്വകലാശാല തുടങ്ങിയ സ്വയംഭരണ സ്ഥാപനങ്ങളിലും സർക്കാർ ഉടമസ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലും സംവരണം ഉറപ്പാക്കാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ; | സി | നിലവിൽ സർവ്വകലാശാല സ്റ്റാറ്റ്യൂട്ടുകൾ പ്രകാരമാണ് നിയമനം നടത്തുന്നത് . സർവ്വകലാശാല നിയമനങ്ങളിൽ കൂടുതൽ കാര്യക്ഷമത വരുത്തുന്നതിനായി സർവ്വകലാശാലകളിലെ അനദ്ധ്യാപക നിയമനങ്ങൾ പി.എസ്സ്.സിയ്ക്ക് വിടുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. |
| ഡി | സർക്കാർ സർവ്വീസിൽ നിയമനങ്ങൾ നടത്തുമ്പോൾ ഇപ്പോൾ സ്വീകരിച്ചിട്ടുള്ള 20-ന്റെ യൂണിറ്റ് എന്ന തത്വം മാറ്റി 50% ജനറൽ 50% സംവരണം എന്നിങ്ങനെ നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ ? | ഡി | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ